

*കൊടുങ്ങല്ലൂരിലെ ചേരമാൻ ജുമുഅത്ത് പള്ളിയുടെ പഴയ ചിത്രം. ഇവിടെ തുടക്കം മുതൽ അടുത്ത കാലം വരെ മലയാളത്തിലായിരുന്നു ജുമുഅ ഖുത്ബ.*

>> സംഭാഷണം-2

- **എം.പി അബ്ദുർറഹ്മാൻ കുരിക്കൾ ചരിത്രം ഓർക്കുന്നു**
- **സ്വദ്റുദ്ദീൻ വാഴക്കാട്**

# സംഘടിത സകാത്തും മലയാള ഖുത്വ്ബയും

### പള്ളിദർസ്

**മഞ്ചേരി** സെൻട്രൽ ജുമാ മസ്ജിദ് തുടങ്ങിയ കാലം മുതൽ തന്നെ ദർസും പ്രവർത്തിച്ചുവന്നിരുന്നു. കേരളത്തിലെ പ്രഗത്ഭ പണ്ഡിതനായിരുന്ന നാലകത്ത് മരക്കാരുട്ടി മുസ്‌ലിയാരായിരുന്നു ആദ്യത്തെ മുദർരിസ്. സമസ്തയുടെ പ്രസിഡന്റായിരുന്ന കണ്ണിയത്ത് അഹ്മദ് മുസ്‌ലിയാർ, ജമാഅത്തെ ഇസ്‌ലാമി കേരള ഹൽഖയുടെ സ്ഥാപകനായ ഹാജി വി.പി മുഹമ്മദലി തുടങ്ങിയവരുടെ ഉസ്താദാണ് മരക്കാരുട്ടി മുസ്‌ലിയാർ.

മരക്കാരുട്ടി മുസ്‌ലിയാർ മൂന്നുപതിറ്റാണ്ടുകാലം മഞ്ചേരി പള്ളിയിൽ മുദർരിസായിരുന്നു. അറബി ഭാഷയിൽ നല്ല പാണ്ഡിത്യമുണ്ടായിരുന്ന അദ്ദേഹം 'ബദ്ർ ബൈത്ത്' തുടങ്ങി ചില കൃതികൾ അറബിയിൽ രചിച്ചിട്ടുണ്ട്. മുസ്‌ലിം ലോകവുമായി നല്ല ബന്ധമുണ്ടായിരുന്ന അദ്ദേഹം അറബി പത്രങ്ങൾ വരുത്തി വായിച്ചിരുന്നു. മുസ്ത്വഫാ കമാൽ അത്താതുർക്ക് അന്തരിച്ചപ്പോൾ മുൻമന്ത്രി എം.പി.എം അഹ്മദ് കുരിക്കൾ, അബ്ദുൽഖാദിർ മാസ്റ്റർ, വി.കെ അലി സാഹിബ്, കൊരമ്പയിൽ മുഹമ്മദ് ഹാജി തുടങ്ങിയ മഞ്ചേരിയിലെ ചിലർ മരക്കാരുട്ടി മുസ്‌ലിയാരെ സമീപിച്ച് കമാൽ അത്താതുർക്കിനുവേണ്ടി മയ്യിത്ത് നമസ്കരിക്കണമെന്നുപറഞ്ഞു. മരക്കാരുട്ടി മുസ്‌ലിയാർ കൂട്ടാക്കിയില്ല. 'അദ്ദേഹം ദീൻ പൊളിച്ച ആളാണ്' എന്നാണ് മുസ്‌ലിയാർ കാരണം പറഞ്ഞത്. അക്കാലത്ത് മക്കയിലും മദീനയിലും ഇറങ്ങിയിരുന്ന പ്രസിദ്ധീകരണങ്ങൾ അദ്ദേഹം വായിച്ചിരുന്നു. 1921-ലെ മലബാർ കലാപത്തിൽ ലഹളക്കാരിൽ ചിലരിൽനിന്ന് തെറ്റായ സമീപനങ്ങൾ ഉണ്ടായപ്പോൾ മുസ്‌ലിയാർ അതിനെ ശക്തിയായി എതിർത്തു. ചിലർക്ക് കലിമ ചൊല്ലിക്കൊടുക്കണം എന്നു പറഞ്ഞപ്പോൾ മുസ്‌ലിയാർ അത് നിരാകരിച്ചു: 'നിങ്ങൾ അവരെ ഭയപ്പെടുത്തി കൊണ്ടുവന്നതാണ്. അത്തരക്കാർക്ക് കലിമ ചൊല്ലിക്കൊടുക്കില്ല.' ഇക്കാരണത്താൽ ലഹളക്കാർക്ക് അദ്ദേഹത്തോട് കടുത്ത അമർഷം ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ജീവനുവരെ ഭീഷണിയുണ്ടായിരുന്നു. പള്ളിയിലേക്ക് നമസ്കരിക്കാൻ പോകുമ്പോൾ പലരും അദ്ദേഹത്തോട് 'ലഹളക്കാർ ഉപദ്രവിക്കും പള്ളിയിലേക്ക് പോകരുത്' എന്ന് പറയാറുണ്ടായിരുന്നു. പക്ഷേ, 'ലഹളക്കാരെ പേടിച്ച് നമസ്കരിക്കാതിരിക്കുന്നത് ശിർക്കാണ്' എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. ലഹളക്കാരുടെ വെട്ടുകൊണ്ട് പൊളിഞ്ഞ അടയാളം അദ്ദേഹത്തിന്റെ വീട്ടുവാതിലിന്മേൽ ഉണ്ടായിരുന്നു.

അരീക്കോട് വലിയപള്ളിയിലെ ഇമാമും പത്തനാപുരം പള്ളിയിലെ ഖത്വീബുമായിരുന്ന മർഹൂം മണ്ണിൽതൊടി ഉണ്ണീൻ മുസ്‌ലിയാരുടെ മകൾ എം.ടി ആഇശ - ഇവർ പിന്നീട് ടീച്ചറായി- സ്കൂൾ 3-ാം ക്ലാസ് കഴിഞ്ഞ് നാലാം ക്ലാസിൽ ചേർന്നപ്പോൾ എതിർപ്പുകളും ഭീഷണികളുമുണ്ടായി. പെൺകുട്ടി പഠിക്കുന്നത് തെറ്റാണെന്ന യാഥാസ്ഥിതിക കാഴ്ചപ്പാടായിരുന്നു കാരണം. ഖത്വീബിന്റെ മകൾ സ്കൂളിൽ പോകുന്നതിനെ എതിർത്തവർ ഫത്‌വക്കുവേണ്ടി മരക്കാരുട്ടി മുസ്‌ലിയാരെ വിളിച്ചു. 'നമസ്കാരത്തിൽ പുറത്ത് കാണുന്ന ശരീരഭാഗം മാത്രം പുറത്തുകാണിച്ചുകൊണ്ട് സ്ത്രീകൾ വിദ്യാഭ്യാസം നേടാൻ പോകുന്നതിന് വിരോധമില്ല' എന്നാണ് അദ്ദേഹം ഫത്‌വ കൊടുത്തത്. മലയാളത്തിൽ മദ്റസാ പാഠപുസ്തകങ്ങൾ തയാറാക്കുന്നതിലും അദ്ദേഹം പങ്കുവഹിച്ചിട്ടുണ്ട്. മരക്കാരുട്ടി മുസ്‌ലിയാരെക്കുറിച്ചുള്ള ഈ വിവരങ്ങൾ മഞ്ചേരി സെൻട്രൽ ജുമാമസ്ജി



*അബ്ദുൽ അസീസ് മൗലവി, എം.പി.എം ഹസൻ കുരിക്കൾ, ഒ. മുഹമ്മദ് കുട്ടി മുസ്‌ലിയാർ*

ദിലെ മുഫീദുൽ ഉലൂം ദർസ് വിദ്യാർഥിക ളുടെ 'അൽ മുഫീദ്-2005' സുവനീ റിലുണ്ട് (മർഹൂം നാലകത്ത് മരക്കാരുട്ടി മുസ്‌ലിയാർ - ലേഖകൻ: നാലകത്ത് അബുഹാജി, പേജ്: 93).

1931-ൽ മരക്കാരുട്ടി മുസ്‌ലിയാർ മര ണപ്പെട്ടതിനുശേഷമാണ് ഓവുങ്ങൽ അ ബ്ദുർറഹ്മാൻ മുസ്‌ലിയാർ, ചുള്ളികൊ ളത്ത് ആലസ്സൻ മുസ്‌ലിയാർ, മാനു മു സ്‌ലിയാർ, വണ്ടൂർ അബ്ദുൽ ഖാദിർ മു സ്‌ലിയാർ തുടങ്ങിയവർ മുദർരിസുകളാ യി വന്നത്. ദർസ് ആദ്യം പള്ളിയുടെ മുക ളിലായിരുന്നു. പിന്നെ പള്ളിയുടെ തെക്ക് ഭാഗത്തുള്ള സ്ഥലത്ത് ഖാൻ ബഹദൂർ എം.പി മൊയ്തീൻ കുട്ടി കുരിക്കൾ സം ഭാവന ചെയ്ത കെട്ടിടത്തിലേക്ക് മാറി. അതോടു ചേർന്നുള്ള ഷോപ്പിംഗ് കോംപ്ല ക്സിന്റെ വരുമാനവും ദർസിനുള്ളതാണ്. കുരിക്കൾ കുടുംബാംഗങ്ങൾ അടങ്ങിയ കമ്മിറ്റിയാണ് 'മുഫീദുൽ ഉലൂം ദർസ്' നടത്തിവന്നത്.

## ഐക്യത്തിന്റെ മാതൃക

ഹിദായത്തുൽ മുസ്‌ലിമീൻ സഭ രൂ പീകരിക്കപ്പെടുമ്പോഴോ, പിന്നീട് പള്ളി യും മഹല്ലും നിലവിൽ വരുമ്പോഴോ കേ രളീയ മുസ്‌ലിംകൾക്കിടയിൽ ഇന്നു കാ ണുന്ന സംഘടനകളോ കക്ഷിത്വമോ ഉ ണ്ടായിരുന്നില്ല. 1922-ൽ 'ഐക്യ സം ഘ'വും തുടർന്ന് 1926-ൽ 'സമസ്ത'യും ആരംഭിച്ചു. അതിനു മുമ്പ് മുസ്‌ലിം കൾക്കിടയിൽ പല 'ത്വരീഖത്തു'കളും 'തുടർച്ച'കളും 'കൈ'കളും മാത്രമാണ് ഉണ്ടായിരുന്നത്. 'പൊന്നാനി കൈ', 'കൊണ്ടോട്ടി കൈ' എന്നിങ്ങനെ രണ്ട് ധാരകളാണ് പ്രധാനമായും മലബാർ മുസ്‌ലിംകൾക്കിടയിൽ ഉണ്ടായിരുന്നത്. ത്വരീഖത്തുകൾ പ്രചരിപ്പിച്ച പലതരം നേർച്ചകളും നടന്നിരുന്നു. കൊടികുത്ത്, ചന്ദനക്കുടം മുതലായവ ഉദാഹരണം. നിരവധി അനാചാരങ്ങളും അന്ധവിശ്വാ സങ്ങളും ഇതുവഴി പ്രചരിച്ചിരുന്നു. സഭ ഇതിനൊന്നും കൂട്ടുനിന്നിരുന്നില്ല. പുരോ ഗമനാശയമാണ് സഭക്കുണ്ടായിരുന്നത്. എന്നാൽ സംഘടനകൾ ഉടലെടുത്ത ശേഷം ഏതെങ്കിലും ഒരു സംഘടന യുടെ ഭാഗമാകാനോ ഏതെങ്കിലും കക്ഷിയെ എതിർക്കാനോ സഭ തയാറാ യില്ല. എല്ലാവരെയും ഉൾക്കൊള്ളുകയും ദീനീ പ്രവർത്തനത്തിൽ സഹകരിപ്പിക്കു കയും ചെയ്യാൻ സഭ എന്നും ശ്രദ്ധിച്ചു. സുന്നി, മുജാഹിദ്, ജമാഅത്ത്, തബ്‌ലീഗ് തുടങ്ങിയ എല്ലാവരും സഹകരിച്ച് പ്രവർത്തിച്ചുവരുന്നു എന്നതാണ് മ ഞ്ചേരി മഹല്ലിന്റെ ഏറ്റവും വലിയ മാതൃ ക.

സഭയുടെ മദ്റസക്ക് വേണ്ടിയുള്ള പാഠപുസ്തകങ്ങൾ വ്യത്യസ്ത വീക്ഷണ ക്കാർ ചേർന്നാണ് രചിച്ചിരുന്നത്. 'ദീനി യാത്തും', 'അമലിയാത്തും' സഭാ മാനേ ജറായിരുന്ന കൊരമ്പയിൽ ഹൈദ്രു സാ ഹിബ് രചിച്ചവയായിരുന്നു. എം.സി.സി, അമാനി മൗലവി എന്നിവർ രചിച്ച 'നബി ചരിത്ര'വും പഠിപ്പിച്ചിരുന്നു. എം.സി.സി കുഞ്ഞഹമദ് മൗലവി തയാറാക്കിയ 'അറ ബി ലുഗാത്ത്' അന്ന് സഭാ മദ്റസയിൽ പഠിപ്പിച്ചിരുന്നു.

1922-ൽ കെ.എം. മൗലവിയുടെയും മറ്റും നേതൃത്വത്തിൽ കേരള മുസ്‌ലിം ഐക്യസംഘം നിലവിൽവന്നു. അതി നോട് ആദർശപരമായി സഹകരിക്കാൻ കഴിയാത്ത ചിലർ ചേർന്ന് 1926-ൽ സമസ് ത കേരള ജംഇയ്യത്തുൽ ഉലമ ഉണ്ടാക്കി. സഭ അവയിലൊന്നിനോടും ശത്രുത വെ ച്ചില്ല, പക്ഷം പിടിച്ചതുമില്ല. ഏറിയാട് നട ന്ന മുസ്‌ലിം ഐക്യസംഘത്തിന്റെ യോ ഗത്തിൽ പങ്കെടുത്തവരിൽ കുഞ്ഞിമോ യി ഹാജിയുടെ പേരു കാണാം.

1934-ൽ സ്ഥാപിതമായ തബ്‌ലീഗ് ജമാഅത്തിനോടും 1941-ൽ സ്ഥാപിതമാ യ ജമാഅത്തെ ഇസ്‌ലാമിയോടുമെല്ലാം ഇതേ നയമാണ് സഭ സ്വീകരിച്ചത്. മഞ്ചേ രി സെൻട്രൽ ജുമുഅത്ത് പള്ളിയുടെ ര ജിസ്റ്റർ ചെയ്ത ഭരണഘടനയനുസരിച്ച്, 'ഖുർആനും സുന്നത്തും അനുസരിച്ച് ജീ വിക്കാൻ തയാറുള്ള ഏത് മുസ്‌ലിമിനും ഇതിൽ അംഗമാകാം' എന്നാണ് നിയമം.

'മർകസുൽ ബിശാറ' എന്ന പേ രിൽ ഒരു ക്രിസ്തീയ പ്രബോധക സ്ഥാപ നം അറബി പേരിട്ട് മുസ്‌ലിംകളെ തെറ്റി ദ്ധരിപ്പിച്ച് മഞ്ചേരിയിൽ പ്രവർത്തനം ആ രംഭിച്ചു. അതിനെതിരെ 1980-ൽ മഞ്ചേരി മഹല്ല് കമ്മിറ്റി 'ലജ്നത്തുൽ ഇശാഅ' എ ന്ന പേരിലൊരു കമ്മിറ്റി ഉണ്ടാക്കി. ബിശാ റയുടെ കള്ളപ്രചാരണങ്ങൾക്കെതിരിൽ ലജ്നത്തിന്റെ നേതൃത്വത്തിൽ സഭ പല പരിപാടികളും സംഘടിപ്പിച്ചു. അതിലെ ല്ലാം കക്ഷി വ്യത്യാസമില്ലാതെ മുസ്‌ലിം നേതാക്കളെ പങ്കെടുപ്പിച്ചിട്ടുണ്ട്. അമാനി മൗലവി, ഉമർ മൗലവി, ഇ.കെ അബൂബ ക്കർ മുസ്‌ലിയാർ, മങ്കട അബ്ദുൽ അ സീസ് മൗലവി, പ്രഫ. വി. മുഹമ്മദ്, അ ബുൽ ഖൈർ മൗലവി, പ്രഫ. പി.പി ശാ ഹുൽ ഹമീദ് തുടങ്ങിയവർ സഭാ പരിപാ ടികളിൽ പങ്കെടുത്തിട്ടുണ്ട്. റമദാനിലെ വഅ്ളിന് കെ.ടി. അബ്ദുർറഹീം ശാന്ത പുരം, കെ. അബ്ദുസ്സലാം മൗലവി മാള തുടങ്ങിയവരെയും സഭ ക്ഷണിച്ചു. ജമാ അത്ത്-സമസ്ത പണ്ഡിതർ ഒന്നിച്ച് വഅ് ളുകൾ നടത്തി.

ജമാഅത്തെ ഇസ്‌ലാമി പ്രഥമ അ മീർ ഹാജിസാഹിബ് സഭാ ഹാളിൽ പ്രസംഗിക്കുമ്പോൾ മഹല്ലിലെ നേതാക്ക ളും ഖാദിയും മുദർരിസും ഒക്കെ സന്നി ഹിതരാകാറുണ്ടായിരുന്നു. ജമാഅത്ത് നേതാവായ ശേഷവും അദ്ദേഹം മഞ്ചേരി പള്ളിയിൽ പ്രസംഗിച്ചിട്ടുണ്ട്.

മഞ്ചേരി മഹല്ലിൽ സെൻട്രൽ മസ് ജിദിന് പുറമെ വേറെയും ജുമുഅത്തു പ ള്ളികളുണ്ട്. ജമാഅത്തെ ഇസ്‌ലാമി, മു ജാഹിദ്, തബ്‌ലീഗ് ജമാഅത്ത് തുടങ്ങിയ വർ നടത്തുന്നവയാണവ. പക്ഷേ എല്ലാ പള്ളികളും പൊതു കാര്യങ്ങളിൽ സഹക രിച്ചാണ് പ്രവർത്തിക്കുന്നത്. സകാത്ത് ശേഖരണവും വിതരണവും അങ്ങനെത്ത ന്നെ. വലിയ ഖാദി ഒ. മുഹമ്മദ് കുട്ടി മുസ്‌ലിയാർ പ്രസംഗിക്കാത്ത ഒരു പള്ളി യും- അത് ഏതു വിഭാഗത്തിന്റെതാക ട്ടെ- മഞ്ചേരി മഹല്ലിലുണ്ടായിരുന്നില്ല.

മഞ്ചേരി മുൻസിപ്പാലിറ്റിയിലെ 40 പള്ളി മഹല്ലുകളെ സംഘടിപ്പിച്ചുകൊണ്ട് 'മഞ്ചേരി മുൻസിപ്പൽ മസ്ജിദ് കൗൺസിൽ' രൂപീകരിച്ച് മുസ്‌ലിംകൾ ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത പ്രായോഗികമായിത്തന്നെ സമുദായത്തെ ഉണർത്തുകയുണ്ടായി മഹല്ല് കമ്മിറ്റി. അതിലും എല്ലാ മുസ്‌ലിം

സംഘടനകളും സഹകരിച്ചു. അതിന്റെ ജനറൽ കൺവീനർ മഞ്ചേരി ഖാദി ഒ. മുഹമ്മദ് കുട്ടി മുസ്‌ലിയാരായിരുന്നു. സെൻട്രൽ മസ്ജിദിൽ ദീർഘകാലം ഇമാമായിരുന്ന ഒ. മുഹമ്മദ്കുട്ടി മുസ്‌ലിയാർ ഇവിടെയൊരു മാതൃകാ മഹല്ല് വളർത്തിയെടുക്കുന്നതിൽ മുഖ്യപങ്കുവഹിച്ച വ്യക്തിയാണ്. പള്ളിയിൽ നമസ്കാരത്തിന് നേതൃത്വം കൊടുക്കുക മാത്രം ചെയ്യുന്ന 'ഇമാം' ആയിരുന്നില്ല, നാടിന്റെ മൊത്തം ഇമാമായിരുന്നു അദ്ദേഹം. ഐക്യവും ഒരുമയും നിലനിർത്താൻ പരിശ്രമിച്ച അദ്ദേഹം, മധ്യസ്ഥനും ജനസേവകനുമായി നാട്ടിൽ നിറഞ്ഞുനിന്നിരുന്നു. മഞ്ചേരി മഹല്ലിലെ മുജാഹിദ്-ജമാഅത്ത്-തബ്‌ലീഗ് പള്ളികളിൽ നടക്കുന്ന നികാഹിലും ഖുർആൻ ക്ലാസിലും ജനക്ഷേമപ്രവർത്തനങ്ങളിലും അദ്ദേഹം പങ്കാളിയാകുമായിരുന്നു. സെൻട്രൽ പള്ളിയിൽ അദ്ദേഹം നികാഹ് നടത്തുമ്പോൾ ഏതുസംഘടനയിൽപെട്ടയാൾക്കും ഖുത്ബ നടത്താമായിരുന്നു. എല്ലാപള്ളികളും അദ്ദേഹത്തെ അംഗീകരിച്ചിരുന്നു. നാട്ടിലെ പാവപ്പെട്ടവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കക്ഷിഭേദമന്യേ അദ്ദേഹം മുമ്പിൽനിന്നു. ആളുകൾ തമ്മിലുള്ള തർക്കങ്ങളിലും കേസുകളിലും ഇടപെട്ട് തീർപ്പുണ്ടാക്കാൻ അദ്ദേഹം വിദഗ്ധനായിരുന്നു. കോടതിയിലേക്കു പോകാതെ നിരവധി കേസുകൾ അദ്ദേഹം പരിഹരിച്ചിട്ടുണ്ട്. 1999 ജൂലൈ 27-നാണ് അദ്ദേഹം മരിച്ചത്.

അഗതി സംരക്ഷണം, തൊഴിലില്ലായ്മയുടെ പരിഹാരം, പെൻഷൻ, ചികിത്സാ സഹായം, വീട് നിർമാണം തുടങ്ങിയ ജനക്ഷേമ പ്രവർത്തനങ്ങളിലും മഞ്ചേരി മഹല്ല് വലിയ മാതൃക തന്നെയാണ്. 'മഹല്ല് മുസ്‌ലിം വെൽഫെയർ സൊസൈറ്റി' വീടു നിർമാണം ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് മേൽനോട്ടം വഹിച്ചിരുന്നു. തൊഴിലുപകരണങ്ങളുടെ വിതരണം, തൊഴിലെടുക്കാൻ കഴിയാത്തവർക്കുള്ള മാസാന്ത പെൻഷൻ, ചികിത്സാ സഹായം എന്നിവയിലെല്ലാം മഹല്ലിന് മികച്ച സേവനങ്ങൾ അർപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. മഹല്ല് നിവാസികളെക്കുറിച്ച ഏറെക്കുറെ സമ്പൂർണമായ ഒരു സർവേ നടത്തി വിവരങ്ങൾ ശേഖരിച്ചിരുന്നത് മഹല്ലിന്റെ പ്രവർത്തനങ്ങൾക്ക് ഏറെ സഹായകമായി.


മഞ്ചേരി മഹല്ലിലെ ഐക്യം കാരണം സംഘടനാപരമായ മുതലെടുപ്പ് നടത്താൻ കഴിയാത്തതിൽ ചിലർ അസ്വസ്ഥരായിരുന്നു. "മഞ്ചേരി മുസ്‌ലിംകൾക്കിടയിൽ എല്ലാ അലവലാതികൾക്കും വേരുണ്ടിന്ന്. ജമാഅത്തെ ഇസ്‌ലാമി, വഹാബി, തബ്‌ലീഗ് ഗ്രൂപ്പുകൾ അടുത്ത കാലത്തായി മഞ്ചേരിയിൽ സ്വാധീനമുറപ്പിച്ചിരിക്കുന്നു. സജീവ ദീനീ പ്രവർത്തനങ്ങളോ ബോധവത്കരണ സംരംഭങ്ങളോ കൂടുതലില്ലാത്ത ഒരു നഗരമാണിത്. സുന്നീ വിശ്വാസികൾ ഇവിടെ നാൾക്കുനാൾ ദുർബലമാകുന്നു, ഫാദർ അലവിയുടെ ക്രൈസ്തവ മിഷണറി പ്രവർത്തനവും ഇവിടെ സജീവമായി. വിദ്യാഭ്യാസ, സാമൂഹിക, സാംസ്കാരിക രംഗത്ത് മുസ്‌ലിംകളുടേതായി കാര്യമായ സംഭാവനകൾ ഒന്നും ഇല്ല" എന്നൊക്കെയാണ് ഒരു സുന്നീ പത്രം എഴുതിയത്. യഥാർഥത്തിൽ എല്ലാ മത സംഘടനകളും ഒന്നിച്ചു ചേർന്ന് മഹല്ലിൽ പ്രവർത്തിക്കുന്നതുകൊണ്ട് വാശിയും ശത്രുതയും തമ്മിൽതല്ലും മറ്റു പ്രദേശങ്ങളെ പോലെ ഇവിടെ ഇല്ല. മുസ്‌ലിംകൾക്കിടയിൽ ക്രൈസ്തവ മിഷണറി പ്രവർത്തനത്തെ പരാജയപ്പെടുത്തിയത് സഭയുടെ നേതൃത്വത്തിൽ എല്ലാ വിഭാഗത്തിലെയും പണ്ഡിതന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ പരിപാടികളിലൂടെയുമായിരുന്നു. മുസ്‌ലിം സംഘടനകൾ തമ്മിൽ ഐക്യപ്പെട്ടിരുന്നില്ലെങ്കിൽ ഈ പരിപാടി വിജയിക്കുമായിരുന്നില്ല. മഞ്ചേരിയിലെ പരിസരങ്ങളിലെയും വിദ്യാഭ്യാസ, സാമ്പത്തിക പുരോഗതിയിലും സഭ തന്നെയാണ് മുഖ്യ പങ്കു വഹിച്ചത്. 1908-ൽ മഞ്ചേരി ഹൈസ്കൂളും 1936-ൽ മലപ്പുറം ഹൈസ്കൂളും സ്ഥാപിക്കുന്നതിൽ സഭ വഹിച്ച പങ്ക് പ്രധാനമാണ്.

## സംഘടിത സകാത്ത്

മഞ്ചേരി സെൻട്രൽ ജുമാ മസ്ജിദിനു കീഴിൽ നടക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് സംഘടിത സകാത്ത്. മുമ്പ് പാവപ്പെട്ടവർ പണക്കാരുടെ വീട്ടുപടിക്കൽചെന്ന് സകാത്ത് ഇരന്നു വാങ്ങലായിരുന്നു. കൊടുക്കുന്നതാകട്ടെ, കൃത്യമായ സകാത്ത് വിഹിതമായിരിക്കുകയുമില്ല. മഞ്ചേരിയിൽ ചില പണക്കാർ ആളെ വിട്ട് ദരിദ്രരുടെ വീടുകളിൽ സകാത്ത് പണം എത്തിച്ചിരുന്നു. ഇസ്‌ലാം ഏതൊരു ലക്ഷ്യത്തിനാണോ സകാത്ത് വ്യവസ്ഥ നിശ്ചയിച്ചത് അത് നേടാൻ ഇതിലൂടെയൊന്നും സാധിക്കുമായിരുന്നില്ല. അതിന് സംഘടിതമായി സകാത്ത് ശേഖരിച്ച് വിതരണം ചെയ്യുക തന്നെ വേണം. ഇസ്‌ലാമിക രീതി അതാണ്. കേരളത്തിൽ നവോത്ഥാന പ്രവർത്തനങ്ങളുടെ ഫലമായാണ് സകാത്ത് ഒരു ചർച്ചാ വിഷയമായതും സംഘടിതമായി ശേഖരിച്ച് വിതരണം ചെയ്യാനാരംഭിച്ചതും. വക്കം അബ്ദുൽ ഖാദിർ മൗലവിയാണ് സംഘടിത സകാത്തിനെ കുറിച്ച് കേരളത്തിൽ ആദ്യമായി ചിന്തിച്ചത്. മുസ്‌ലിം ഐക്യസംഘം, കേരള ജംഇയ്യത്തുൽ ഉലമ, കേരള മുസ്‌ലിം മജ്‌ലിസ് തുടങ്ങിയ പരിഷ്കരണ സംരംഭങ്ങൾ ഇത് പ്രയോഗവത്കരിക്കുന്നതിനെക്കുറിച്ചും ആലോചിച്ചു. മൗലാനാ മൗദൂദി, അബുൽ കലാം ആസാദ് തുടങ്ങിയവരുടെ കൃതികൾ മലയാളത്തിൽ വന്നതും സകാത്തിനെക്കുറിച്ച് ഇത്തരം കാഴ്ചപ്പാട് വളരാൻ കാരണമായി.

മഹല്ല് തലത്തിൽ കേരളത്തിൽ ആദ്യമായി സകാത്ത് ശേഖരണ-വിതരണ സംവിധാനം ഉണ്ടാക്കിയത് തിരുവനന്തപുരം ജില്ലയിലെ ഞാറയിൽകോണം മഹല്ലിലാണ്- 1968ൽ. കാർഷിക വിളകളുടെ സകാത്ത് മഹല്ലിൽ ശേഖരിച്ച് ദരിദ്രർക്കിടയിൽ വിതരണം ചെയ്തായിരുന്നു തുടക്കം. 1975-ൽ ശാന്തപുരം മഹല്ലിലും, 1978-ൽ അരീക്കോട് മഹല്ലിലും സംഘടിത സകാത്ത് തുടങ്ങി.

മഞ്ചേരി മഹല്ലിൽ സംഘടിത സകാത്ത് സംവിധാനം തുടങ്ങുന്നത് 1980-ലാണ്. മഞ്ചേരിയിൽ നേരത്തെ മുസ്‌ലിം യൂത്ത് ലീഗ് ഫിത്വ്ർ സകാത്തിന്റെ സംഘടിത ശേഖരണവും വിതരണവും നടത്തിയിരുന്നു. 'ഹാദി പബ്ലിക്കേഷൻസ്' പ്രസിദ്ധീകരിച്ച ഒരു ലഘുലേഖയിൽ മഹല്ലിൽ സംഘടിത സകാത്ത് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് വിവരിച്ചിരുന്നു. അതിന് പ്രായോഗിക രൂപം കാണാൻ വേണ്ടി ഞങ്ങൾ മഹല്ല് പ്രസിഡന്റായിരുന്ന എം.പി.എം ഹസൻ കുരിക്കളെ സമീപിച്ചു. മഹല്ല് കമ്മിറ്റി അംഗമായിരുന്ന കൊരമ്പയിൽ മുഹമ്മദ് ഹാജി, അബ്ദുൽ അലി, പി.പി അലവി, അബൂബക്കർ മാസ്റ്റർ തുടങ്ങിയവരും ഞാനും അദ്ദേഹത്തെ ചെന്നു കണ്ടു. 'സകാത്ത് ദായകർ പണം ഖാദിയെ ഏൽപിക്കുകയും ഖാദി ദരിദ്രരെ തെരഞ്ഞെടുത്ത് സംഘടിതമായി വിതരണം നടത്തുകയുമാണെങ്കിൽ അത് നന്നായിരിക്കും' എന്നു പറഞ്ഞു. ഇതു സംബന്ധിച്ച ശർഈ വിധി പല പണ്ഡിതന്മാരോടും ഞങ്ങൾ ചോദിച്ചിരുന്നു. ഖാദിയെ വക്കാലത്ത് ഏൽപിക്കുന്ന രീതി തെറ്റില്ലെന്നാണവർ ഫത്‌വ തന്നത്. ഹസൻ കുരിക്കൾ ഞങ്ങളുടെ അഭിപ്രായം അംഗീകരിക്കുകയും ഒരു സംഖ്യ



തന്ന് അദ്ദേഹത്തിന്റെ വീട്ടിൽ വെച്ചു തന്നെ സംഘടിത സകാത്ത് സംരംഭത്തിന് തുടക്കം കുറിക്കുകയും ചെയ്തു. അന്നു മുതൽ ഖാദിയുടെ നേതൃത്വത്തിൽ സംഘടിത സകാത്ത് ആരംഭിച്ചു. ആദ്യ വർഷം 26,000 രൂപ ലഭിച്ചുവെന്നാണ് ഓർമ.

മഹല്ല് ഖാദിക്കാണ് സകാത്ത് ശേഖരണ-വിതണത്തിന്റെ മേൽനോട്ടം. അദ്ദേഹം ചുമതലപ്പെടുത്തിയ ഒരു കമ്മിറ്റിയാണ് കാര്യങ്ങൾ കൈകാര്യം ചെയ്യുക. സംഘടിത സകാത്ത് വ്യവസ്ഥാപിതവും ഫലപ്രദവുമാക്കി മാറ്റുന്നതിൽ പ്രധാന പങ്കുവഹിച്ച വ്യക്തിയാണ് മഹല്ല് ഖാദിയായിരുന്ന മർഹൂം ഒ. മുഹമ്മദ് കുട്ടി മുസ്‌ലിയാർ. ക്ഷാമവും ദാരിദ്ര്യവും രൂക്ഷമായപ്പോൾ സകാത്ത് വ്യവസ്ഥ ഇതിന് പരിഹാരമാണെന്ന് അദ്ദേഹം മനസ്സിലാക്കി. മഹല്ലിലെ സകാത്ത് ദായകരായ സമ്പന്നരുടെ പിന്തുണയും അദ്ദേഹത്തിന് ലഭിച്ചു. പെൻഷൻ, സ്വയം തൊഴിൽ, ചികിത്സാ സഹായം, കടാശ്വാസം, വീട് റിപ്പയറിംഗ് തുടങ്ങിയ ഇനങ്ങളിലാണ് സകാത്ത് തുക പ്രധാനമായും വിതരണം ചെയ്യുന്നത്. തടപ്പറമ്പ് സലാമത്ത് നഗറിലെ 'സൗജന്യ പാർപ്പിട പദ്ധതി', വൃദ്ധരെ സംരക്ഷിക്കുന്ന 'സ്നേഹാലയം', കാൻസർ കെയർ സൊസൈറ്റി, ജില്ലാ ആശുപത്രിയിലെ സൗജന്യ കഞ്ഞി വിതരണം തുടങ്ങിയ നിരവധി മാതൃകാ പദ്ധതികൾ മഞ്ചേരി മഹല്ലിൽ നടപ്പിലാക്കുകയുണ്ടായി.

## മലയാള ഖുത്ബ

മഞ്ചേരി സെൻട്രൽ ജുമാ മസ്ജിദിന്റെ എടുത്തു പറയേണ്ട സവിശേഷത മലയാള ഖുത്ബയാണ്. 1907-ൽ പള്ളി ആരംഭിച്ചകാലം മുതൽ ഇന്നുവരെ മലയാള ഖുത്ബ നടന്നുവരുന്ന പള്ളികളിലൊന്നാണിത്. മഞ്ചേരിയിൽ മാത്രമല്ല കേരളത്തിൽ അനവധി പള്ളികളിൽ വർഷങ്ങളോളം, ജനങ്ങൾക്ക് മനസ്സിലാവുന്ന, അവരെ സംസ്കരിക്കാൻ കഴിയുന്നവിധം മലയാളത്തിൽതന്നെയായിരുന്നു ജുമുഅ ഖുത്ബ. മഞ്ചേരിയുടെ പരിസരപ്രദേശങ്ങളായ കച്ചേരിപ്പടി, മേലാക്കം, പാലക്കുളം, തുറക്കൽ തുടങ്ങിയ സ്ഥലങ്ങളിലും ദീർഘകാലം മലയാളത്തിൽ ഖുത്ബ നടന്നിരുന്നു. കേരളത്തിലെ അനേകം പള്ളികളിൽ പാരമ്പര്യമായി നിലനിന്നിരുന്നത് മലയാള ഖുത്ബയാണ്. മുജാഹിദ്-ജമാഅത്തെ ഇസ്‌ലാമി സംഘടനകൾ രൂപംകൊള്ളുകയും പള്ളികൾ സ്ഥാപിക്കുകയും ചെയ്യുന്നതിന് മുമ്പേതന്നെ കേരളത്തിലെ ശാഫിഈ മദ്ഹബ് പിന്തുടരുന്നവരും അല്ലാത്തവരുമായ പണ്ഡിതന്മാർ മലയാളത്തിൽ ജുമുഅ ഖുത്ബ നിർവഹിച്ചിരുന്നു.

കേരളത്തിലെ ആദ്യത്തെ ജുമുഅ മസ്ജിദാണ് കൊടുങ്ങല്ലൂരിലെ ചേരമാൻ മാലിക് ജുമുഅത്ത് പള്ളി. അവിടെ തുടക്കം മുതൽ അടുത്ത കാലം വരെ മലയാളത്തിലായിരുന്നു ഖുത്ബ. മമ്പുറം അലവി തങ്ങളുടെ ഏക പുത്രനും പരിഷ്കർത്താവുമായ സയ്യിദ് ഫസൽ പൂക്കോയ തങ്ങൾ തിരൂരങ്ങാടി വലിയ ജുമുഅത്ത് പള്ളിയിൽ മലയാളത്തിലാണ് ഖുത്ബ നടത്തിയിരുന്നത്.

പല പണ്ഡിതന്മാരും ഇബ്നു നുബാതത്തിന്റെയും ലഖ്നവിയുടെയും ജുമുഅ ഖുത്ബാ ഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തിയാണ് ഖുത്ബ നിർവഹിച്ചിരുന്നത്. വെളിയങ്കോട് ഉമർ ഖാദി, പരപ്പനങ്ങാടിയിലെ അബൂബക്കർ കോയ മുസ്‌ലിയാർ (ഔക്കോയ മുസ്‌ലിയാർ), ബൈത്താൻ ഉസ്മാൻ മുസ്‌ലിയാർ, കട്ടിലശ്ശേരി ആലി മുസ്‌ലിയാർ, കാസർകോട് സഈദ് മുസ്‌ലിയാർ, ഖിലാഫത്ത് നേതാവ് എരിക്കുന്നൻ ആലി മുസ്‌ലിയാർ (നെല്ലിക്കുത്ത്), ആമിനുമ്മാന്റകത്ത് പരീക്കുട്ടി മുസ്‌ലിയാർ (താനൂർ) തുടങ്ങിയ പണ്ഡിത നേതാക്കൾ അവരിൽ ചിലരാണ്. എന്നാൽ അറബി ഭാഷാ പരിജ്ഞാനമില്ലാത്ത ചില ഖത്വീബുമാർ അറബി ഭാഷയിലുള്ള ഖുത്ബകൾ പരിഭാഷപ്പെടുത്തി നിർവഹിക്കാൻ പ്രയാസപ്പെട്ടപ്പോൾ അതിന്റെ മലയാള പരിഭാഷ ഇറക്കാൻ പണ്ഡിതന്മാർ തയാറായി. സി. സെയ്താലികുട്ടി മാസ്റ്റർ, ഹിജ്റ 1318 ജമാദുൽ അവ്വൽ 16നു (1900 ഒക്ടോബർ) *സ്വലാഹുൽ ഇഖ്‌വാൻ* അറബി-മലയാള പത്രത്തിൽ പ്രസിദ്ധീകരിച്ച പരസ്യം കാണുക: "അറബിഭാഷാ പരിജ്ഞാനമില്ലാത്ത ചില ഖത്വീബുമാർ ജുമുഅ ഖുത്ബ പരിഭാഷപ്പെടുത്താൻ സാധിക്കാതെ വിഷമിക്കുന്നുണ്ട്. അതു നിമിത്തം ചില പള്ളികളിൽ അറബി ഓത്തും നടക്കുകയാണ്. അതിനാൽ ഖുത്ബ (ഇബ്നു നുബാത്തത്തിന്റേത്) പരിഭാഷപ്പെടുത്തി അച്ചടിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ മഹല്ലത്തുകാരും സഹകരിക്കണം."

അക്കാലത്തെ പ്രമുഖ പണ്ഡിതനും അനേകം ജുമുഅത്ത് പള്ളികളുടെ മേൽഖാദിയുമായിരുന്ന മൗലാനാ അബൂബക്കർ കോയ മുസ്‌ലിയാർ, നുബാത്തീ ഖുത്ബകൾ മലയാളത്തിൽ പ്രസിദ്ധീകരിച്ച *സ്വലാഹുൽ ഇഖ്‌വാൻ* പത്രത്തിന് അയച്ച കത്ത് കാണുക: "......യെന്നാൽ കഴിഞ്ഞ ജമാദുൽ അവ്വൽ പതിനാറുമായിട്ട് പ്രസിദ്ധം ചെയ്ത അഞ്ചാം നമ്പ്രം കടലാസ്സിൽ നിങ്ങളുടെ മുമ്പ്, പള്ളിപ്പുറം ലേഖകന്റെ അഭിപ്രായത്തെ താഴെ പറയുന്ന ജുമുഅയുടെ ഖുത്ബ മലയാം വാക്കിൽ ഞാൻ തർജുമ ചെയ്തു ഓതിച്ചുനോക്കിയതിൽ ആമീങ്ങളായ ജനങ്ങൾ മിക്കതും ദീൻ കാര്യത്തിൽ പേടിച്ചവരായും ഇബാദത്തിൽ ഉത്സാഹമുള്ളവരായും കാണുന്നു. ജനങ്ങൾക്ക് ദീൻ കാര്യത്തിൽ വളരെ അറിവും ഉണ്ടായി വരുന്നു. ഖുത്ബ തർജുമ ചെയ്തു ഓതുന്നതാണ് നല്ലത് യെന്നും ഇതിനെ ഒരു ശാഹിദ് ആക്കുന്നു. അതുകൊണ്ട് മലയാം വാക്ക് തെറ്റ് കൂടാതെ ഖുത്ബ തർജുമ ചെയ്യുന്ന ഉത്തരവാദം സ്വലാഹുൽ ഇഖ്‌വാൻ പത്രാധിപർ ഏൽക്കുന്നതായാൽ എന്റെ

സ്വാധീനത്തിലുള്ള സകല പള്ളികളിലും ഓരോന്നു എടുക്കുന്നതും തർജുമക്കും അച്ചടിപ്പിനും വേണ്ടി വരുന്ന ചിലവിലേക്ക് ഓരോ ജുമുഅത്ത് പള്ളിയുടെ അവസ്ഥ പ്രകാരം അഞ്ചുറുപ്പിക മുതൽ പത്തുറുപ്പിക വരെയും എന്റെ സ്വന്തം അഞ്ചുറുപ്പിക കൊടുപ്പാൻ നിശ്ചയിച്ചതിൽ പത്രാധിപരുടെ തീർപ്പ് തൃപ്തിയായി കണ്ടാൽ പകുതിയും തർജുമ പകുതി അച്ചടിച്ചു കിട്ടിയാൽ ബാക്കിയും അടച്ചുകൊടുപ്പാൻ ഞാൻ ഒരുങ്ങിയിരിക്കുന്നു. അതുകൊണ്ട് മലയാള മുസ്‌ലിമിങ്ങളുടെ ഇടയിലുള്ള ഖാദിമാരോ ഖത്തീബുമാരോ അല്ലാഹു തആലാന്റെ വക ന്നുള്ള ഈ ഖൈറാത്ത് കൊള്ളെ നിങ്ങൾ തിരിഞ്ഞു കൊൾവിൻ. നമ്മുടെ നാട്ടുകാരായ അറിവില്ലാത്ത സാധുക്കൾ വെള്ളിയാഴ്ച തോറുമെങ്കിലും ഈ ഉറുദി കേട്ട് മനസ്സിലാക്കി സ്വാലീഹീങ്ങളായിത്തീരുന്നതിനാൽ അവരും നിങ്ങളും സ്വർഗം കൊണ്ട് ജയം പെറുവാൻ കാരണമായിത്തീരുന്ന സംഗതിയിൽ ഉത്സാഹിക്കുവിൻ. എന്റെ മേൽപറഞ്ഞ ഉത്സാഹം ശരിയായതാണെങ്കിൽ നിങ്ങൾ എല്ലാവരും എന്നോട് യോജിക്കുവിൻ. ഏതു വിധമെങ്കിലും ജനങ്ങൾ അറിവും മര്യാദയും ഉള്ളവരായി ത്തീർന്നാൽ ഈ ലോകത്തിൽ രാജാവിനും പ്രജകൾക്കും നല്ല വരായും പരലോകത്തിൽ പുണ്യം സമ്പാദിക്കുന്നവരായും വരുന്നതാകുന്നു. സന്മാർഗം മര്യാദക്കാരുടെ നടപടിയാണന്നും അതു ദുഷ്ടന്മാരുടെ പക്കൽ പോരായ്മയും ചീത്തയും ആയിരിക്കുന്നതും ചിപ്പിയിൽ വീഴുന്ന മഴയുടെ ദുള്ളികൾ മുത്തായിട്ടും സർപ്പവായിൽ വീഴുന്നത് വിഷമായിട്ടും തീരുന്നതുപോലെയാണെന്നും അബ്ദുല്ലാഹിൽയാഫിഈ അവർകൾ തന്റെ വിശദീകരിക്കുന്നു" (*സ്വലാഹുൽ ഇഖ്‌വാൻ* രണ്ടാം പുസ്തകം: ഹിജ്റ 1318 ശഅ്ബാൻ 7-ന് -എ.ഡി. 1900 ഡിസംബറിൽ പ്രസിദ്ധീകരിച്ചത്).

വൈലത്തൂർ ഞവനക്കാട് പി.എം മുഹ്‌യിദ്ദീൻ മുസ്‌ലിയാർ, ഇബ്നു നുബാത്തത്തിന്റെ ഖുത്വ്‌ബ പരിഭാഷപ്പെടുത്തി. 'യാഖൂത്തുൻ അത്വിയ്യ അലാ ഖുത്വ്‌ബി നുബാത്തിയ്യ ബിലുഗത്തി മലൈബാരിയ്യ ലി ഹിദായത്തിൽ മർദിയ്യ' എന്ന പേരുള്ള അദ്ദേഹത്തിന്റെ പരിഭാഷാ ഗ്രന്ഥത്തിന്റെ ഒന്നാം പതിപ്പ് 1915 ഡിസംബറിൽ (ഹിജ്റ 1334 സ്വഫർ 20) തിരൂരിലെ 'മത്വ്‌ബഅത്തുസ്വലാഹിയ്യ' എന്ന ലിത്തോ പ്രസിൽ നിന്നാണ് അച്ചടിച്ചത്. ആ പരിഭാഷയെ അന്നത്തെ പണ്ഡിതർ സ്വാഗതം ചെയ്തു. ഞവനക്കാട് പീടികക്കൽ ഏനി കുട്ടി മുസ്‌ലിയാർ വാഇള്, കരിഞ്ചാപ്പടി കട്ടിലശ്ശേരി ആലി മുസ്‌ലിയാർ ഖാദി, പൊന്നാനി മഖ്ദൂം തങ്ങലുടെ മകൻ പുതിയകത്ത് അബ്ദുർറഹ്മാൻ എന്ന കുഞ്ഞൻ ബാവ മുസ്‌ലിയാർ ഖാദി, പള്ളിപ്പുറം മറേത്തൊടി യൂസുഫ് മുസ്‌ലിയാർ മുദർരിസ്, ചാപ്പനങ്ങാടി വള്ളോങ്ങര ഹസൻ മുസ്‌ലിയാർ വാഇള്, കോഴിക്കോട് ഖാദി സയ്യിദ് ഹുസൈൻ തങ്ങൾ, മലപ്പുറത്ത് സയ്യിദ് അബ്ദുർറഹ്മാൻ ഹൈദ്രോസ് കുഞ്ഞിക്കോയ തങ്ങൾ, തിരൂരങ്ങാടി ചാലിലകത്ത് മൗലവി മുഹമ്മദ് ഹാജി വാഇള്, കുട്ടായി ചട്ടിക്കൽ അബ്ദുല്ല കുട്ടി മുസ്‌ലിയാർ മുദർരിസ്, ശൈഖ് മുഹമ്മദുൽ ചിശ്തിൽ ഖാദിരിയ്യി കവരത്തി തുടങ്ങി കേരളത്തിലെ പല ഭാഗങ്ങളിലുമുള്ള മുപ്പത്തി ഒമ്പതോളം പണ്ഡിതർ പ്രസ്തുത പരിഭാഷക്ക് സമ്മത പത്രം എഴുതിയിട്ടുണ്ട്. പരിഭാഷകനായ മുഹ്‌യിദ്ദീൻ മുസ്‌ലിയാരാകട്ടെ പ്രസിദ്ധ പണ്ഡിതനും തിരൂർ ദീനുൽ ഇസ്‌ലാം സഭയുടെ സെക്രട്ടറിയുമായിരുന്നു.

ഇതിന്റെ വിശദാംശങ്ങൾ ചരിത്ര പണ്ഡിതനായിരുന്ന മർഹൂം കെ.കെ മുഹമ്മദ് അബ്ദുൽ കരീം മാസ്റ്ററുടെ ശേഖരത്തിലുണ്ട് (*ബോധനം* ദ്വൈവാരിക 1999 ജനുവരി-ഫെബ്രുവരി ലക്കത്തിൽ അദ്ദേഹം ഇതുസംബന്ധിച്ച് ഒരു ലേഖനം എഴുതിയിരുന്നു).

1947-ൽ മീഞ്ചന്തയിൽ ചേർന്ന 'സമസ്ത'യുടെ പതിനേഴാം വാർഷിക സമ്മേളനത്തിൽ മലയാള ഖുത്വ്‌ബ തെറ്റാണെന്നും അറബി ഭാഷയിൽ തന്നെ നിർവഹിക്കണമെന്നും ആഹ്വാനം ചെയ്യുന്ന പ്രമേയം പാസ്സാക്കിയതോടെയാണ് ഈ അവസ്ഥക്ക് മാറ്റം വരുന്നത്. പ്രസ്തുത സമ്മേളനത്തിൽ മഞ്ചേരി ഖാദി അബ്ദുർറഹ്മാൻ മുസ്‌ലിയാരും ഞാനും പങ്കെടുത്തിരുന്നു. പ്രമേയം പാസ്സാക്കിയതോടെ സമസ്തക്ക് സ്വാധീനമുള്ള പല പള്ളികളിലും പരമ്പരാഗതമായി നിലനിന്നിരുന്ന മലയാള ഖുത്വ്‌ബ അറബിയിലേക്ക് മാറി. പല പള്ളികളിലും മലയാള ഖുത്വ്‌ബ തന്നെ തുടരുകയും സമസ്തയുടെ തീരുമാനം തള്ളിക്കളയുകയും ചെയ്തു. മഞ്ചേരിയിലും മലയാള ഖുത്വ്‌ബ തുടരാനായിരുന്നു തീരുമാനം. അബ്ദുർറഹ്മാൻ മുസ്‌ലിയാർ, മഹല്ല് നേതാക്കളുമായി കൂടിയാലോചിച്ചു. അവരുടെയെല്ലാം തീരുമാനം മലയാളത്തിൽ ഖുത്വ്‌ബ വേണം എന്നുതന്നെയായിരുന്നു.

'സമസ്ത' 17-ാം സമ്മേളനത്തിലാണ് മലയാള ഖുത്വ്‌ബാ വിരുദ്ധ പ്രമേയം പാസ്സാക്കിയതെങ്കിലും അതിനു മുമ്പ് 16-ാം സമ്മേളനത്തിൽ തന്നെ പ്രമേയം പാസ്സാക്കാൻ ശ്രമം നടത്തിയിരുന്നു. പക്ഷേ സമസ്തയിലെ പണ്ഡിതന്മാരുടെ എതിർപ്പ് കാരണം നടക്കാതെ പോവുകയാണുണ്ടായത്. അതുകൊണ്ടു തന്നെ 17-ാം സമ്മേളനത്തിൽ പ്രമേയം കൊണ്ടുവന്നതോടെ സമസ്തയിൽ അംഗങ്ങളായിരുന്ന പല പണ്ഡിതന്മാരും സംഘടനയിൽനിന്ന് രാജിവെച്ച് മലയാള ഖുത്വ്‌ബയിൽ ഉറച്ചുനിന്നു. അവരിൽ പ്രമുഖരായിരുന്നു മർഹൂം എം. അബ്ദുൽ അസീസ് മൗലവി ബാഖവി, കടേരി മുഹമ്മദ് മുസ്‌ലിയാർ, അറക്കൽ ഖത്വീബ് അബ്ദുൽ ഖാദിർ മൗലവി എന്നിവർ. അസീസ് മൗലവി കൊടിയത്തൂരിലെ ഖാദിയായിരുന്നു. അദ്ദേഹം മലയാള ഖുത്വ്‌ബ തുടർന്നു. കൊടിയത്തൂർ മഹല്ല് ജുമുഅത്തു പള്ളിയിൽ ഇന്നും ഖുത്വ്‌ബ മലയാളത്തിലാണ്. മലയാള ഖുത്വ്‌ബയുടെ അനിവാര്യതയും ശർഈ ന്യായങ്ങളും വിശദീകരിക്കുന്ന പുസ്തകങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട് . ശാഫിഈ മദ്ഹബുകാരനായ അസീസ് മൗലവി, ശാഫിഈ മദ്ഹബിന്റെ വീക്ഷണത്തിൽനിന്നുകൊണ്ടും ശാഫിഈ പണ്ഡിതരുടെ അഭിപ്രായങ്ങൾ ഉദ്ധരിച്ചുകൊണ്ടുമാണ് മലയാള ഖുത്വ്‌ബ ശർഇന്ന് അനുസൃതമാണെന്ന് വിവരിച്ചിട്ടുള്ളത്. *ജുമുഅ ഖുത്വ്‌ബ ഒരു പഠനം*, *ജുമുഅ ഖുത്വ്‌ബയുടെ ഭാഷ; ഒരു വിശദീകരണം*, *ജുമുഅ ഖുത്വ്‌ബയും അൽബയാനിലെ ഫത്‌വയും*, *ഇ.കെയുടെ ഖുത്വ്‌ബ*, *ഉജ്ജ്വല ലക്ഷ്യങ്ങൾ*, *സമസ്തയുടെ ഖുത്വ്‌ബയും റാബിത്വയുടെ ഫത്‌വയും*, *അൽഹഖ്ഖുൽ മുബീൻ ലികശ്ഫിൽ ഗബീൻ* തുടങ്ങിയവ അദ്ദേഹത്തിന്റെ പുസ്തകങ്ങളാണ്. 'ജുമുഅ ഖുത്വ്‌ബ ഒരു പഠനം' എന്ന പുസ്തകത്തിന് മർഹൂം അബുസ്സലാഹ് മൗലവി ബാഖവിയും മഞ്ചേരി ഖാദിയായിരുന്ന ഒ. മുഹമ്മദ് കുട്ടി മുസ്‌ലിയാർ ബാഖവിയും അവതാരിക എഴുതിയിട്ടുണ്ട്.

പി.എം അബ്ദുർറഹീം മൗലവിയുടെ *ശാഫിഈ മദ്ഹബിലെ ജുമുഅ ഖുത്വ്‌ബ*, വാഴക്കാട് എം.ടി അബ്ദുർറഹ്മാൻ മൗലവിയുടെ *ജുമുഅ ഖുത്വ്‌ബ മദ്ഹബുകളിൽ* തുടങ്ങി വേറെയും പല ഗ്രന്ഥങ്ങളും ഈ വിഷയകമായി രചിക്കപ്പെട്ടിട്ടുണ്ട്. ഈ കൃതികളെല്ലാം മാതൃഭാഷയിൽ ജുമുഅ ഖുത്വ്‌ബ തെറ്റല്ലെന്നും ഖുത്വ്‌ബയുടെ ലക്ഷ്യം അതിലൂടെയാണ് പൂർത്തിയാവുകയെന്നും തെളിയിക്കുന്നവയാണ്. ■ (തുടരും)

sadarvzkd@yahoo.co.in